# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1043 30/01/2019-ൽ മറുപടിയ്ക്ക്

## നവജീവൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ബഷീർ: | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും<br>വകുപ്പ് മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും ജോലി ലഭിക്കാതെ പ്രായപരിധി കഴിഞ്ഞവർക്ക് വേണ്ടി നവജീവൻ എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന രീതിയും വിശദമാക്കാമോ? | (എ) യും (ബി) യും ബഹു.ഗവർണറുടെ 2017-ലെ നയ പ്രഖ്യാപനത്തിൽ സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി "നവജീവൻ" എന്ന പേരിൽ മുതിർന്ന പൗരന്മാർക്കായി ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇത് സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പദ്ധതിയുടെ രൂപരേഖ പരിശോധിച്ച് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്കായി "നവജീവൻ" എന്ന പേരിൽ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് സ.ഉ (കൈ)നം: 16/2017/തൊഴിൽ തീയതി 20/3/17 പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br>സംസ്ഥാനത്തിന്റെ ജനസംഖ്യയിൽ 1/3 ൽ കൂടുതൽ വരുന്ന മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്ത് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പു വരുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണിത്. 50-65 പ്രായ പരിധിയിലുള്ള പൗരന്മാർക്ക് അവർക്ക് അനുയോജ്യമായ സംരംഭങ്ങൾ |

ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ അനുവദിക്കുക, മുതിർന്ന പൗരന്മാർ ആർജ്ജിച്ചിട്ടുള്ള അറിവും പരിചയ സമ്പത്തും സമൂഹ നന്മയ്ക്കായി ഉപയോഗപ്പെടുത്തുന്നതിന് അവരുടെ ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കുക എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. നവജീവൻ പദ്ധതിയുടെ ചട്ടങ്ങൾക്ക് അന്തിമ രൂപമായിട്ടില്ല.

സെക്ഷൻ ഓഫീസർ